ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. I/145496/2024 തീയതി: 03-10-2024

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം- സാങ്കേതികം- ഭരണ ഭാഷ പൂർണ്ണമായും മലയാളം ആക്കുന്നതിനുള്ള മർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നത്- സംബന്ധിച്ച്.

സൂചന :- സർക്കാരിൽ നിന്നുള്ള കത്ത് നമ്പർ:ഒ.എൽ2/236/2024/പി&എ.ആർ. ഡി തീയതി:23/08/2024.

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. സംസ്ഥാനത്തെ ഭരണഭാഷ മലയാളമാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിതനയമാണ്. അതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും മലയാളം ഓദ്യോഗികഭാഷയായി പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ ഈ വകുപ്പിൽ ടി- ലക്ഷ്യം പൂർത്തികരിക്കാനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ എല്ലാ സ്ഥാപന മേധാവികളും കർശനമായി പാലിക്കുക.

1. ഇ-ഓഫീസിൽ 2022-ലെ ലിപിപരിഷ്കരണനിർദേശപ്രകാരം തയ്യാറാക്കിയ മന്ദാരംഫോണ്ടുമാത്രം ഉപയോഗിക്കേണ്ടതാണ്.
2. സർക്കാരിന്റെ മറ്റാവശ്യങ്ങൾക്ക് മന്ദാരം, തുമ്പ, രഹന തുടങ്ങി 2022-ലെ ലിപിപരിഷ്കരണ നിർദേശങ്ങൾക്കനുസരിച്ച് തയ്യാറാക്കിയ ഫോണ്ടുകൾ ഉപയോഗിക്കേണ്ടതാണ്. ഈ ഫോണ്ടുകൾ www.kerala.gov.in/malayalamfont ൽ ലഭ്യമാണ്.
3. മലയാളഭാഷയുടെ എഴുത്തുസമ്പ്രദായത്തിലും അച്ചടിയിലും പുതിയ ലിപിവ്യവസ്ഥയും ഭാഷാപ്രയോഗരീതിയും (glossary. kerala.gov.in/pdf/മലയാളത്തിന്റെ എഴുത്തുരീതി.pdf) അതുപ്രകാരം രൂപപ്പെടുത്തിയ ഫോണ്ടുകളും മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് എല്ലാ ഓഫീസ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.
4. ഇംഗ്ലീഷിൽ കൈകാര്യം ചെയ്യേണ്ടതായ ഫയലുകളുടെ നോട്ട് ഫയലുകൾ പൂർണ്ണമായും മലയാളത്തിൽ തന്നെ കൈകാര്യം ചെയ്യേണ്ടതാണ്.
5. മലയാളത്തിൽ എഴുതിപ്പോകുന്ന ഫയലുകൾ ഒരു ഘട്ടത്തിലും ഇംഗ്ലീഷിലേക്ക് മാറ്റുവാൻ പാടുള്ളതല്ല.
6. സ്ഥാപനങ്ങളുടെ എല്ലാ വെബ്സൈറ്റുകളും ദ്വിഭാഷയിൽ (ഇംഗ്ലീഷ് & മലയാളം) തയ്യാറാക്കേണ്ടതും അവയുടെ ഡിഫോൾട്ടുപേജ് മലയാളത്തിലായിരിക്കേണ്ടതുമാണ്.
7. ഭാഷ മാറ്റ പുരോഗതി റിപ്പോർട്ട് എല്ലാ മാസവും സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതിനാൽ, എല്ലാമാസവും ഈ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുന്ന ഗൂഗിൾ ഫോം കൃത്യമായി പൂരിപ്പിച്ച് അയക്കേണ്ടതാണ്.
8. മുദ്രകൾ, ബോർഡുകൾ, അറിയിപ്പ് ഫലകങ്ങൾ ആദിയായവ പരിപൂർണ്ണമായും ഭരണഭാഷയിൽ തന്നെയാണെന്ന് സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതാണ്.

SHALIJ P R
DIRECTOR

സ്വീകർത്താവ്,

എല്ലാ സ്ഥാപനമേധാവിമാർക്കും വെബ് സൈറ്റ് വഴി

Signed by
Shalij P R
Date: 03-10-2024 07:02:14